III.ഇ.ബി./XII-കേരള നിയമസഭ/II-4

# പന്ത്രണ്ടാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

## **2006 സെപ്റ്റംബർ 25, തിങ്കൾ**

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ രണ്ടെണ്ണം (*121 & *122 ) സഭയിൽ ഉന്നയിക്കുകയും ആദ്യത്തെ ചോദ്യത്തിന് ബന്ധപ്പെട്ട മന്ത്രിയും രണ്ടാമത്തെ ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രിയും മറുപടി നൽകുകയും ചെയ്തു.

II. അടിയന്തിര പ്രമേയം

ചിക്കുൻ ഗുനിയയോടൊപ്പം ഡെങ്കിപ്പനിയും എലിപ്പനിയും മറ്റ് പനികളും ബാധിച്ച് ചേർത്തല താലൂക്കിൽ 35 പേർ മരണപ്പെടുകയും തിരുവനന്തപുരം, ഇടുക്കി ജില്ലകളിൽ പനി ബാധിച്ച് സർക്കാർ ആശുപത്രികളിലെത്തുന്നവർക്ക് ആവശ്യത്തിന് ചികിത്സയോ മരുന്നോ ഡോക്ടർമാരുടെ സേവനമോ ലഭ്യമാകാത്തതുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച്

സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. കെ.സി.വേണുഗോപാലും മറ്റ് രണ്ടംഗങ്ങളും ചേർന്ന് നൽകിയ അടിയന്തിര പ്രമേയാവതരണ നോട്ടീസിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ വാക്കൗട്ട് നടത്തി.

III. ശ്രദ്ധ ക്ഷണിക്കൽ

(1) തിരുവനന്തപുരം വെസ്റ്റ് നിയോജകമണ്ഡലത്തിൽ വലിയതുറ ഫിഷ് ലാന്റിംഗ് സെന്ററിന്റേയും പൂന്തുറയിൽ പുലിമുട്ടിന്റേയും നിർമ്മാണത്തെ സംബന്ധിച്ച് ശ്രീ.വി.സുരേന്ദ്രൻപിള്ള ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) മുല്ലപ്പെരിയാർ ഡാമിന്റെ അപകടനില കേരളത്തിലെ അഞ്ച് ജില്ലകളുടെ നിലനിൽപ്പിനേയും ജനജീവിതത്തേയും ബാധിക്കുന്ന വിഷയമായി തീർന്നിരിക്കുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷത്തിലേയ്ക്ക് ശ്രീ. കെ.എം.മാണി ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

IV. സബ്മിഷൻ

(1) നോട്ട്ബുക്ക് വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ബാബു എം. പാലിശ്ശേരി ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

(2) തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് നടത്തിവരുന്ന പ്രവൃത്തികളെ സംബന്ധിച്ച് ശ്രീ.വി. ശിവൻകുട്ടി ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(3) കൊച്ചി നഗരത്തിലെ ശുദ്ധജലക്ഷാമം സംബന്ധിച്ച് പ്രൊഫ. കെ.വി.തോമസ് ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(4) അരൂർ മണ്ഡലത്തിൽ അന്ധകാരനഴി മുതൽ ചാപ്പക്കടവ് വരെയുള്ള പ്രദേശം മാതൃകാ മത്സ്യത്തൊഴിലാളി ഗ്രാമമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് ശ്രീ. എ.എം.ആരിഫ് ഉന്നയിച്ച സബ്മിഷന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി മറുപടി നൽകി.

(5) സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷനിലെ തൊഴിലാളികളുടെ ലയങ്ങൾ വൈദ്യുതീകരിക്കുന്നത് സംബന്ധിച്ച് ശ്രീ. കെ.ബി. ഗണേഷ്കുമാർ ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

(6) ചാലിയാർ നദീതീരം ഇടിയുന്നതുമൂലമുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(7) മണ്ണുത്തി വെറ്ററിനറി കോളേജിന്റെ കീഴിലുള്ള ഫാമിൽ പന്നികൾ ചത്തൊടുങ്ങിയത് സംബന്ധിച്ച് ശ്രീ. രാജാജി മാത്യൂ തോമസ് ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

(8) ചിമ്മിനി ഡാമിലെ വെള്ളം പൂർണ്ണമായും ഉപയോഗിക്കുന്നത് സംബന്ധിച്ച് പ്രൊഫ. സി. രവീന്ദ്രനാഥ് ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(9) പമ്പാ കർമ്മ പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച് ശ്രീ. കെ. ശിവദാസൻ നായർ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(10) കൊക്കകോള, പെപ്സി നിരോധനേമർപ്പെടുത്തിക്കൊണ്ട് സംസ്ഥാന സർക്കാർ ഇറക്കിയ ഉത്തരവ് ഹൈക്കോടതി റദ്ദാക്കിയതു സംബന്ധിച്ച് ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച സബ്മിഷന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(11) സുൽത്താൻബത്തേരിയിലെ മുള്ളൻകൊല്ലി പഞ്ചായത്തിൽ കൃഷിക്കാരെ പുലി ആക്രമിച്ചതു സംബന്ധിച്ച് ശ്രീ. പി. കൃഷ്ണപ്രസാദ് ഉന്നയിച്ച സബ്മിഷന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മറുപടി നൽകി.

## V. റിപ്പോർട്ട് സമർപ്പണം

ഹർജികൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VI. ക്രമപ്രശ്നം

നിയമസഭ സമ്മേളിച്ചുകൊണ്ടിരിക്കുന്ന കാലയളവിൽ സംസ്ഥാന ഗവൺമെന്റിന്റെ നയപരമായ കാര്യങ്ങളെക്കുറിച്ച് സഭയ്ക്കുപുറത്ത് പ്രഖ്യാപനം പാടില്ലെന്നും ധനകാര്യ വകുപ്പുമന്ത്രി പാലക്കാട് കളക്ടറേറ്റ് കോൺഫറൻസ്ഹാളിൽ നടന്ന യോഗത്തിൽ പ്രഖ്യാപനം നടത്തിയത് ശരിയായ നടപടിയല്ലെന്നും അത് നിയമസഭയോടുള്ള അനാദരവാണെന്നും ഇത്തരം കാര്യങ്ങൾ ആദ്യം നിയമസഭയിലാണ് വെളിപ്പെടുത്തേണ്ടതെന്നും

സഭയിൽ ചർച്ചചെയ്ത് തീരുമാനമെടുത്തശേഷം മാത്രമേ സഭയ്ക്കുപുറത്ത് പ്രഖ്യാപിക്കാവൂ എന്നും ഇക്കാര്യത്തിൽ റൂളിംഗ് വേണമെന്നും ആവശ്യപ്പെട്ടു കൊണ്ട് ശ്രീ.കെ.ബാബു ഉന്നയിച്ച ക്രമപ്രശ്നത്തിന് ധനകാര്യ വകുപ്പുമന്ത്രി നൽകിയ വിശദീകരണത്തിൽ പാലക്കാട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽചേർന്ന യോഗത്തിൽ താൻ ഗവൺമെന്റിന്റെ നയപരമായ കാര്യങ്ങൾ പ്രസ് കോൺഫറൻസിൽ വിശദീകരിച്ചതിൽ തെറ്റില്ലെന്നും അക്കാര്യങ്ങൾ 2006–2007–ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 161–ാം ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ധനകാര്യ വകുപ്പുമന്ത്രി നൽകിയ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ശ്രീ.കെ.ബാബു ഉന്നയിച്ച വിഷയത്തിൽ ക്രമവിരുദ്ധമായി യാതൊന്നുമില്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകി.

VII. ധനകാര്യം:

**<u>2006–2007 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ</u>**

**<u>ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>**

കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 36,57,20,000 രൂപ അനുവദിക്കണമെന്ന പ്രമേയം ധനകാര്യ വകുപ്പുമന്ത്രിയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 99,32,49,000 രൂപയും ജില്ലാഭരണവും പലവകയും എന്ന XI–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 75,42,05,000 രൂപയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI–ാം

നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 85,22,50,000 രൂപയും അനുവദിക്കണമെന്ന പ്രമേയം റവന്യൂ വകുപ്പുമന്ത്രിയും അവതരിപ്പിച്ചു.

ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയത്തെ നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി പിന്താങ്ങി.

V, VI, XI, XXVI എന്നീ നമ്പർ ധനാഭ്യർത്ഥനകളിന്മേൽ സബ്ജക്ട് കമ്മിറ്റി ശുപാർശകൾ സംബന്ധിച്ച പ്രസ്താവന ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്ത് വച്ചു.

സർവ്വശ്രീ സി.പി. മുഹമ്മദ്, കെ.ബാബു, എം. മുരളി, അടൂർ പ്രകാശ്, ജി. കാർത്തികേയൻ, തേറമ്പിൽ രാമകൃഷ്ണൻ, എ.പി. അനിൽകുമാർ, ആര്യാടൻ മുഹമ്മദ്, കെ.സി. വേണുഗോപാൽ, വി.ഡി. സതീശൻ, കെ.സി. ജോസഫ്, തോമസ് ചാണ്ടി, കെ.കെ. ഷാജു, സി.ടി. അഹമ്മദ് അലി, എം.ഉമ്മർ, ജോർജ് മേഴ്സിയർ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

താഴെ പറയുന്ന അംഗങ്ങൾ ധനാഭ്യർത്ഥനകളുടെ ചർച്ചയിൽ പങ്കെടുത്തു:

(1) ശ്രീ. എം. മുരളി

(2) ശ്രീ. കെ. കുഞ്ഞിരാമൻ

(3) ശ്രീ. സി.ടി. അഹമ്മദ് അലി

(4) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ

(5) ശ്രീ. കെ.പി. മോഹനൻ

(6) ശ്രീ. വി. സുരേന്ദ്രൻപിള്ള

(7) ശ്രീ. എ.എ. അസീസ്

(8) ശ്രീ. കെ.കെ. ഷാജു

(9) ശ്രീ. എ.കെ. ശശീന്ദ്രൻ

(10) ശ്രീ. അൽഫോൺസ് കണ്ണന്താനം

(11) ശ്രീ. ബാബുപ്രസാദ്

(12) ശ്രീ.ബി.ഡി. ദേവസ്സി

(13) ശ്രീ. കെ.എം. മാണി

(14) ശ്രീമതി പി. അയിഷാ പോറ്റി

(15) ശ്രീ.പി. തിലോത്തമൻ

(16) ശ്രീമതി കെ.എസ്. സലീഖ

(17) ശ്രീ. ആര്യാടൻ മുഹമ്മദ്

VIII. പ്രസ്താവന:

മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ച കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി 25–9–2006–ന് നടത്തിയ പരാമർശത്തെ സംബന്ധിച്ച് ജലവിഭവ വകുപ്പുമന്ത്രി പ്രസ്താവന നടത്തി.

ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയ്ക്ക് ധനകാര്യ വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും മറുപടി പറഞ്ഞു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം 36–നെതിരെ 79 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(2006 സെപ്റ്റംബർമാസം 26–ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.00 മണിക്ക് പിരിഞ്ഞു.)